കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' ഒക്ടോബർ 01 ചൊവ്വ

# അരൂരിൽ 1.91 ലക്ഷം വോട്ടർമാർ

ആലപ്പുഴ: ഉപതിരഞ്ഞെടുപ്പ് നടക്കുന്ന അരൂരിൽ ആകെ വോട്ടർമാരുടെ എണ്ണം 1,91,898. ഇതിൽ 94,153 പുരുഷൻമാരും 97,745 വനിതകളുമാണ്.

# സ്റ്റാഫ് കൗൺസിലിന്റെ പുനർജ്ജനി ഹ്രസ്വചിത്രം പ്രകാശനം ചെയ്തു

ആലപ്പുഴ:സ്റ്റാഫ് കൗൺസിലിന്റെ കൃഷി, പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന 'പച്ചിലക്കൂട്ടം' മുൻകൈയെടുത്ത് പ്ലാസ്റ്റിക് മാലിന്യത്തിനെതിരെ ബോധവൽക്കരണം ലക്ഷ്യമിട്ട് ഹ്രസ്വചിത്രം പുറത്തിറക്കി. പുനർജ്ജനി എന്ന ഹ്രസ്വചിത്രത്തിന്റെ പ്രകാശനം കളക്ടറേറ്റിൽ ജില്ല കളക്ടർ ഡോ.അദീല അബ്ദുള്ള നിർവ്വഹിച്ചു. തുടർന്ന് ജീവനക്കാർക്കായി പുനർജ്ജനി പ്രദർശിപ്പിച്ചു.സിബു സംവിധാനം നിർവഹിച്ച ഹ്രസ്വചിത്രത്തിൽ കളക്ടറേറ്റിലെ ജീവനക്കാരായ വിനോദ് ജോൺ, വിജയകുമാർ, ശിവകുമാർ,സിബു എന്നിവരാണ് അഭിനേതാക്കൾ.

# പൊതുനിരീക്ഷകൻ മണ്ഡലത്തിൽ

ആലപ്പുഴ: അരൂർ ഉപതിരഞ്ഞെടുപ്പിന്റെ പൊതുനിരീക്ഷകൻ മണ്ഡലത്തിൽ എത്തി. കർണാടക കേഡറിൽ നിന്നുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഡോ.ആർ.വിശാൽ ആണ് പൊതുനിരീക്ഷകൻ. ഇന്നലെ അദ്ദേഹം കളക്ട്രേറ്റിലെത്തി പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥയായ ജില്ലാകളക്ടർ ഡോ.അദീല അബ്ദുള്ളയും വരണാധികാരിയും ഉൾപ്പടെയുള്ള ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. പണത്തിന്റെ സ്വാധീനം തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്ന് അദ്ദേഹം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ബി.എൽ.ഓമാർ ഒഴികെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാരും മണ്ഡലത്തിലെ താമസക്കാരോ അവിടെ ജോലിചെയ്യുന്നവരോ ആകരുതെന്ന് അദ്ദേഹം പറഞ്ഞു.